## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 674 | 13.6.2012-ലെ മറുപടിക്ക് |
|---|---|

### സർക്കാർ നിയന്ത്രണമില്ലാത്ത മനോരോഗികൾക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ . ബാബു എം. പാലിശ്ശേരി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ നിയന്ത്രണമില്ലാതെ മാനസിക രോഗികളെ പാർപ്പിക്കുന്ന പുനരധിവാസ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) വ്യക്തികളും സംഘടനകളും നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ മതിയായ യോഗ്യതയുള്ള ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | സി) Mental Health Act 1987 പ്രകാരം ഇത്തരം സ്ഥാപനങ്ങൾ ഈ Act-ന്റെ പരിധിയിൽപ്പെടും. ഇതിനെ അടിസ്ഥാനമാക്കി മെന്റൽ ഹെൽത്ത് റൂൾസ് 2005 തയ്യാറാക്കുകയും അതിന് കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടുവാൻ കാലതാമസം നേരിട്ടതിനെ തുടർന്ന്, ടി റൂൾസിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു Guide Lines രൂപീകരിക്കുകയും. അതിനെ അടിസ്ഥാനമാക്കി ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി വരികയും ചെയ്യുന്നു. മതിയായ അടിസ്ഥാന |

| | |
|---|---|
| | സൗകര്യങ്ങളില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുവാനായി ആവശ്യമായ സമയം അനുവദിച്ചിട്ടുണ്ട്. Kerala State Mental Health Rules 2005-ന് ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത റൂൾസ് നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ